മാലിന്യമുക്ത കേരളം

# ഗ്രീൻ പ്രോട്ടോക്കോൾ

## മാലിന്യ പ്രശ്നത്തിന് പ്രകൃതി സൗഹൃദ വഴിക്കാട്ടി




KERALA
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram











# ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ

- നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെ) ഡിസ്പോസിബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക
- ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക (സ്റ്റീൽ, ചില്ല് തുടങ്ങിയവ).
- നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മേൽ വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായ് പാലിക്കുകയും ചെയ്യുക.
- ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുക.

ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ/ബയോ ഗ്യാസ് പ്ളാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.

അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കേണ്ടതും ആയത് നിശ്ചിത അളവാകുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലോ പാഴ്വസ്തു വ്യാപാരി കൾക്കോ പുനഃചംക്രമണത്തിനായ് കൈമാറുകയും ചെയ്യുക.

ഇ – മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷി ക്കേണ്ടതും ആയത് ശേഖരിക്കുന്ന പാഴ്വസ്തു വ്യാപാരി കൾക്കോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനോ യഥാസമയം കൈമാറേണ്ടതാണ്.



ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേ   തും, തുണിയിലോ, ചണത്തിലോ പേപ്പറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനം വാങ്ങാൻ പോകുമ്പോൾ ആവശ്യാനുസരണം  കൈയ്യിൽ കരുതുകയും ചെയ്യുക. സാധനങ്ങൾ പരാമവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേ   തുമാണ്.



ആഹാര വസ്തുക്കൾ പാഴ്സലായ് വാങ്ങുന്നതിന്  കടകളിൽ പോകുമ്പോൾ പ്രകൃതി സൗഹൃദ പാത്രങ്ങൾ ആവശ്യാനുസരണം  കൈയ്യിൽ കരുതുകയും ചെയ്യുക.



അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേ  തും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേ  തും പുന:ചംക്രമണത്തിനായി അത് ശേഖ രിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേ  താണ്.



ഫ്ളക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ച ബാനറു കൾ ഉപയോഗിക്കുക

# ഗ്രീൻ പ്രോട്ടോക്കോൾ എവിടെല്ലാം

1 ഗ്രീൻ പ്രോട്ടോക്കോളും സർക്കാരും
2 ഗ്രീൻ പ്രോട്ടോക്കോളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും
3 ഗ്രീൻ പ്രോട്ടോക്കോളും, കുടുംബശ്രീയും
4 ഗ്രീൻ പ്രോട്ടോക്കോൾ സർക്കാർ സ്ഥാപനങ്ങളിൽ
5 ഗ്രീൻ പ്രോട്ടോക്കോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കലാ കായിക മേളകളിലും
6 ഗ്രീൻ പ്രോട്ടോക്കോൾ ആശുപത്രികളിൽ
7 ഗ്രീൻ പ്രോട്ടോക്കോൾ ആഡിറ്റോറിയങ്ങളിലും, ഹോട്ടലുകളി ലും, ഫ്ളാറ്റുകളിലും

8. ഗ്രീൻ പ്രോട്ടോക്കോൾ ഉത്സവങ്ങളിലും ഘോഷയാത്ര കളിലും

9. ഗ്രീൻ പ്രോട്ടോക്കോൾ വിവാഹങ്ങളിൽ

10. ഗ്രീൻ പ്രോട്ടോക്കോൾ സമ്മേളനങ്ങളിൽ

11. ഗ്രീൻ പ്രോട്ടോക്കോൾ അമ്പലങ്ങളിലും പള്ളികളിലും ചർച്ചുകളിലും

12. ഗ്രീൻ പ്രോട്ടോക്കോൾ വ്യാപാര വ്യവസായ ശാലകളും

13. ഗ്രീൻ പ്രോട്ടോക്കോൾ ബസ് സ്റ്റാന്റുകളിലും റയിൽവേ സ്റ്റേഷനുകളിൽ

14. ഗ്രീൻ പ്രോട്ടോക്കോൾ വിനോദ സഞ്ചാര സ്ഥലങ്ങളിൽ

15. ഗ്രീൻ പ്രോട്ടോക്കോൾ വീടുകളിൽ

16. ഗ്രീൻ പ്രോട്ടോക്കോൾ യാത്രകളിൽ

17. ഗ്രീൻ പ്രോട്ടോക്കോൾ ബിസിനസ്സ് മാതൃകയിൽ

# എവിടെയാണ് പൊങ്കാല നടന്നത്? മണിക്കൂറുകൾക്കകം നഗരം വെടിപ്പാക്കി

തിരുവനന്തപുരം ● ആറ്റുകാലമ്മയ്ക്കു നേർച്ചയായി ഭക്തലക്ഷങ്ങൾ പൊങ്കാല ഇട്ടു മടങ്ങിയ നഗരത്തിലെ മാലിന്യം നീക്കാനായി കോർപറേഷൻ ജീവനക്കാരും അധികൃതരും ഒത്തുചേർന്നു. മണിക്കൂറുകൾ കൊണ്ടു നഗരം ക്ലീനാക്കി. നിവേദ്യം കഴിഞ്ഞു ഭക്തരുടെ മടക്കം ആരംഭിച്ച ഉടൻ കോർപറേഷൻ ജീവനക്കാർ നഗരത്തിൽ ഇറങ്ങി. ചൂലും കുട്ടയും വാഹനങ്ങളുമായി കൈ-മെയ് മറന്ന് അധ്വാനിച്ചതോടെ നാലു മണിക്കൂറിനകം നഗരം മുഴുവൻ പൊങ്കാലയുടെ തെളിവുകളില്ലാതെ മാലിന്യമുക്തമായി. പ്രധാന റോഡുകൾ മുഴുവൻ നാലിനു മുൻപു വൃത്തിയാക്കിയ കോർപറേഷൻ നഗരത്തെ തണുപ്പിച്ച് പൊടിപടലങ്ങളിൽനിന്നും ജനങ്ങളെ രക്ഷിച്ച് ഒൻപതു മണിയോടെ കൃത്രിമ മഴയും പെയ്യിച്ചാണു പൊങ്കാല ശുചീകരണം നടത്തിയത്. ഒൻപതോടെ തുടങ്ങിയ കൃത്രിമ മഴ അവസാനിച്ചത് അർധരാത്രി ഒന്നോടെ. അതുവരെ ഉറക്കമിളച്ചു കാര്യങ്ങൾക്കു നേതൃത്വം നൽകി മേയർ വി.കെ.പ്രശാന്തും സംഘവും സജീവമായി. രാത്രി എട്ടോടെ നഗരം സമ്പൂർണമായി മാലിന്യത്തിനോടു സലാം പറഞ്ഞു. നാലായിരത്തോളം ശുചീകരണ തൊഴിലാളികളാണു മാലിന്യനീക്കത്തിനായി രംഗത്തിറങ്ങിയത്.



മേയർ വി. കെ. പ്രശാന്ത് പൊങ്കാല വിലയിരുത്താനെത്തിയപ്പോൾ. പ്രശാന്ത് മോഹൻ അയച്ച ചിത്രം.

പൊങ്കാലയ്ക്കുശേഷമുള്ള ശുചീകരണത്തിനായി 1784 തൊഴിലാളികളെയാണു കോർപറേഷൻ രംഗത്തിറക്കിയത്. ഇതുകൂടാതെ ദിവസവേതനത്തിന് എടുത്ത തൊഴിലാളികളും കോർപറേഷനു തുണയായി രംഗത്തെത്തി. പൊങ്കാല കഴിഞ്ഞു ഭക്തർ മടക്കം തുടങ്ങിയ ഉടൻ ജീവനക്കാർ ശുചീകരണത്തിനിറങ്ങി. ഹെൽത്ത് ഓഫിസർമാർ, സൂപ്പർവൈസർമാർ എന്നിവരാണു നേതൃത്വം നൽകിയത്. മേയർ വി.കെ.പ്രശാന്തും സംഘവും ആറ്റുകാലിൽ ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചാണു തുടങ്ങിയത്. പിന്നീടു നഗരം മുഴുവൻ വൃത്തിയാക്കിയതു മേയർ സ്വയം എത്തി വിലയിരുത്തി. 32 ഹെൽത്ത് ഇൻസ്പെക്ടർമാരും 69 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും വിവിധയിടങ്ങളിൽ മാലിന്യനീക്കത്തിനു നേതൃത്വം നൽകി. 23 കോർപറേഷൻ വാഹനങ്ങൾക്കു പുറമെ 45 ലോറികളും 35ലധികം പിക് അപ്പ് വാഹനങ്ങളും വാടകയ്ക്ക് എടുത്താണു മാലിന്യ നീക്കം നടത്തിയത്. ലോറികൾ പൊങ്കാലത്തലേന്നു തന്നെ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ പാർക്ക് ചെയ്തിരുന്നത് മാലിന്യം നീക്കം ചെയ്യുന്നതിനു കൂടുതൽ വേഗം കൈവരാൻ കാരണമായി.

കോർപറേഷന്റെ 1784 സ്ഥിരം തൊഴിലാളികൾക്കു പുറമെ 2000 പേരെയാണ് ആറ്റുകാൽ പൊങ്കാലയ്ക്കു ശേഷമുള്ള ശുചീകരണത്തിനായി കോർപറേഷൻ എത്തിച്ചത്. ഓരോ സംഘത്തിനും നിശ്ചിത സ്ഥലം നേരത്തെ തീരുമാനിച്ചു നൽകിയതിനാൽ ദ്രുതവേഗത്തിൽ ശുചീകരണം നടന്നു. ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ജീവനക്കാരോടൊപ്പം അധ്വാനത്തിൽ പങ്കാളികളായി. മേയറും ഓരോ സ്ഥലത്തെ സ്ഥിതിഗതികൾ വിലയിരുത്തി രംഗത്ത് ഉണ്ടായിരുന്നു. ആദ്യം പ്രധാന റോഡുകളായ സ്റ്റാച്യു, കിഴക്കേകോട്ട, കരമന, പാളയം തുടങ്ങിയ സ്ഥലങ്ങളും പിന്നാലെ ഇടറോഡുകൾ ഉൾപ്പെടെയും സംഘങ്ങൾ വൃത്തിയാക്കി മുന്നേറി. പ്രധാന റോഡുകൾ മുഴുവൻ ഒരു മണിക്കൂറിനകം വൃത്തിയാക്കിയത് കോർപറേഷൻ ജീവനക്കാരുടെ അധ്വാനത്തിനു തെളിവായി. രാത്രി എട്ടോടെ പൊടിപോലുമില്ല കണ്ടുപിടിക്കാൻ എന്ന അവസ്ഥയിൽ വൃത്തിയാക്കിയ കോർപറേഷൻ ജീവനക്കാർ നഗരവാസികളുടെ പ്രശംസയ്ക്കു പാത്രമായി. പിന്നെ പൊടികൾ നീക്കാൻ കൃത്രിമ മഴയും എത്തി. ഒൻപതോടെയാണ് കൃത്രിമ മഴ പെയ്യിച്ചു തുടങ്ങിയത്. സ്റ്റാച്യു, കിഴക്കേകോട്ട, ആറ്റുകാൽ, മണക്കാട്, പാളയം, വനം, പട്ടം, തുടങ്ങി പ്രധാന നഗരവീഥികളിൽ മുഴുവൻ മഴ പെയ്യിച്ച് അവശേഷിച്ച പൊങ്കാലയവശിഷ്ടങ്ങൾ പോലും കോർപറേഷൻ കഴുകി നീക്കി. രാത്രി ഒന്നോടെയാണ് കൃത്രിമ മഴ കഴിഞ്ഞത്. തരംഗിണി സ്റ്റുഡിയോയിൽനിന്ന് എത്തിച്ച സിനിമാ സെറ്റുകളിൽ ഉപയോഗിക്കുന്ന സംവിധാനമാണു മഴയ്ക്കായി പ്രയോഗിച്ചത്.



കവടിയാർ ഭാഗത്ത് പൊങ്കാലയിടുന്ന ഭക്തർ.

# ഹരിത പൊങ്കാലയ്ക്കായി കോർപ്പറേഷൻ

**തിരുവനന്തപുരം:** ആറ്റുകാൽ പൊങ്കാലയ്ക്ക് പൂർണമായും ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കുമെന്ന് കോർപ്പറേഷൻ. പൊങ്കാലയ്ക്കായി വരുന്ന ഭക്തർ പ്ലാസ്റ്റിക് സഞ്ചികളും ഡിസ്പോസിബിൾ പാത്രങ്ങളും ഗ്ലാസുകളും പൂർണമായും ഒഴിവാക്കണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടു.

ഭക്ഷണം കഴിക്കുന്നതിനായി സ്റ്റീൽ പാത്രവും ഗ്ലാസും ഒപ്പം കരുതണമെന്നുമുള്ള അറിയിപ്പ് കേരളത്തിലെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റേഷനുകളിലും നൽകും. മാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തും.

ഗ്രീൻപ്രോട്ടോക്കോൾ പ്രചാരണത്തിന് നഗരത്തിലെ കോളേജുകളിലെ എൻ.എസ്.എസ്. വൊളന്റിയർമാരെ ചുമതലപ്പെടുത്തും. പൊങ്കാലയ്ക്ക് അന്നദാനവും കുടിവെള്ള വിതരണവും നടത്തുന്നവരെ വൊളന്റിയർമാർ നേരിട്ട് കാണും. ഇവർക്ക് ഗ്രീൻപ്രോട്ടോക്കോൾ ബോധവത്കരണം നടത്തും. ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്ന മികച്ച അഞ്ച് സംഘടനകൾക്ക് കോർപ്പറേഷൻ പുരസ്കാരം നൽകും.

ശുചീകരണത്തിനായി 1784 തൊഴിലാളികളെ കോർപ്പറേഷൻ നിയോഗിക്കുന്നുണ്ട്. 32 ഹെൽത്ത് ഇൻസ്പെക്ടർമാർക്കും 60 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കുമാണ് ചുമതല. ശുചീകരണത്തിന് എഴുപതോളം വാഹനങ്ങളുണ്ടാകും. നഗരസഭയുടെ 23 വാഹനങ്ങൾക്കുപുറമേ 35 ലോറികളും 10 പിക്അപ്പുകളും വാടകയ്ക്ക് എടുക്കും.

കുടിവെള്ള വിതരണത്തിന് കോർപ്പറേഷന്റെ 29 വാട്ടർ ടാങ്കുകൾക്കു പുറമെ 20 ടാങ്കുകൾ വാടകയ്ക്ക് എടുക്കും.

പൊങ്കാല ദിവസം ശുചീകരണത്തിനുശേഷം പ്രധാന നിരത്തുകൾ കഴുകി വൃത്തിയാക്കുന്നതിലേക്കായി കൃത്രിമ മഴ സംവിധാനം ഏർപ്പെടുത്തും. മൂന്ന് നഗരസഭാ ആംബുലൻസുകൾ സജ്ജമാക്കിയിട്ടുണ്ട്.

മാതൃഭൂമി Tue, 07 March 2017
digitalpaper.mathrubhumi.com/c/17363634

ന ഒടുവിൽ എത്തുന്നത്. ഒരു വർഷം ഇത്ത
തിലുള്ള 1000 വിവാഹങ്ങൾ നടക്കുന്നുവെ
മാത്രം സങ്കൽപ്പിക്കുക. മാലിന്യക്കൂമ്പാര
ിലെത്തുന്ന കുപ്പികളുടെ എണ്ണം എത്ര?
ഒരു സ്റ്റീൽ പാത്രത്തിനു മാലിന്യ പ്രശ്നം
ഹരിക്കാൻ കഴിയും. നമ്മുടെ നഗരം അത്ത
ൊരു മാറ്റത്തിന്റെ തുടക്കത്തിലാണ്. ഗ്രീൻ
ാട്ടോക്കോൾ ജീവിതത്തിന്റെ ശീലമാക്കാനു
തുടക്കം. ഹരിതാഭമായ കരകളും മാലിന്യമി
ത്ത കായൽപ്പരപ്പും മാത്രം മതി, നാടു സുന്ദര
കാൻ. കാറ്റും വെളിച്ചവും കടക്കുന്ന, വൈദ്യു
ഉപയോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻ
ൽഡിങ്ങിനു സ്വീകാര്യത ലഭിച്ചാൽ ജീവിത
ഹരിതാഭമാക്കാൻ കഴിയും.

കുറച്ചു ഭക്ഷ്യമാലിന്യങ്ങൾ, കുറച്ചു പ്ലാസ്റ്റി
കവറുകൾ, തെങ്ങോലകളും കുറച്ചു മരച്ചി
കളും... പണ്ടു നമ്മുടെ മാലിന്യക്കൂ
മ്പാരത്തിൽ ഉണ്ടായിരുന്നത് ഇത്രമാ
ത്രം. ഇന്നോ? മാലിന്യക്കൂ
മ്പാരത്തിൽ പ്ലാസ്റ്റിക് മാ
ത്രം 35 തരമുണ്ട്. എല്ലാ മാ
ലിന്യവും റോഡിൽ വന്നു തു
ടങ്ങിയിട്ടും അധിക കാലമായി
ട്ടില്ല. മാലിന്യം പുറത്തെറിയുക
യെന്നതു ശീലമായി മാറിയതോ
ടെ മാലിന്യത്തിന്റെ അളവു കൂടി.
സംസ്കരണം പ്രതിസന്ധിയിലായി. പുന
രുപയോഗം പരമാവധി സാധ്യമാക്കി ഉത്തരവാ
ദിത്ത മാലിന്യ സംസ്കരണം നടപ്പാക്കാനുള്ള
ശ്രമത്തിലാണു സംസ്ഥാന ശുചിത്വമിഷൻ. ക്ഷ
ണിതാക്കളുടെ എണ്ണം കുറച്ച്, ഭക്ഷണത്തിലെ
യും അലങ്കാരത്തിലെയും ധൂർത്ത് ഒഴിവാക്കി,
പരമാവധി ജൈവ ഉൽപന്നങ്ങൾ ഉപയോഗിച്ചു
ള്ള ഹരിത വിവാഹങ്ങൾ നഗരത്തിൽ സജീവമാ
കുന്നുണ്ട്. ജില്ലാ ഭരണകൂടം ഇതിനു പരമാവധി
പ്രോൽസാഹനം നൽകുന്നു.

## ാലിന്യ ംസ്കരണത്തിൽ ഫഷനലിസം

ർക്കാർമുറപോലെ കാര്യങ്ങൾ നടന്നാൽ
ലിന്യ സംസ്കരണം എങ്ങുമെത്തില്ല.
തിനാൽ ജില്ലയിൽ പെരുമ്പാവൂർ, മരട്
ഗരസഭകളിൽ മാലിന്യ സംസ്കരണത്തി
പ്രഫഷനൽ സംവിധാനം ഏർപ്പെടുത്തു
യാണ്. പെരുമ്പാവൂർ നഗരസഭ ഇക്കാര്യ
ിൽ കാണിച്ച താൽപര്യവും ഇതര സം
ഥാനത്തൊഴിലാളികളുടെ സാന്നിധ്യവു
ണു പെരുമ്പാവൂരിനെ പദ്ധതിയിൽ തിര
ത്തെടുക്കാൻ കാരണം. വിസ്തൃതി കുറവാ
ന്നതും നഗര സ്വഭാവവുമാണു മരടിനു
ുക്കു വീഴാൻ കാരണം.
രണ്ടിടത്തും മാലിന്യ സംസ്കരണത്തിന്

ധി ചെടികളും മരങ്ങളും വച്ചുപിടി
പ്പിക്കുക, ഊർജ ഉപഭോഗത്തിലെ
നിയന്ത്രണം എന്നിവയെല്ലാമാണു
ഗ്രീൻ ക്യാംപസിനുള്ള മാർഗ രേഖ
കൾ. മികവിന്റെ അടിസ്ഥാനത്തിൽ
ഓരോ ക്യാംപസിനും സർട്ടിഫിക്കേ
ഷൻ നൽകും. മികവു നിലനിർത്തുന്നതനു
സരിച്ചാവും ഓരോ വർഷവും തുടർ സർട്ടി
ഫിക്കറ്റ് നൽകുക. കോളജുകളുടെ ഗ്രേഡ്
നിശ്ചയിക്കുമ്പോൾ യൂണിവേഴ്സിറ്റി ഗ്രാ
ന്റ് കമ്മിഷനും ഇക്കാര്യങ്ങൾ പരിഗണിക്കാ
റുണ്ട്. ഈ ക്യാംപസുകളിൽ കുട്ടികൾ കു
പ്പിവെള്ളം കൊണ്ടുവരുന്നതു പരമാവധി നി
രുൽസാഹപ്പെടുത്തും. കോളജുകളിൽ നി
ന്നു ശുദ്ധജലം നൽകും.

## ഗ്രീൻ ഓഫിസ്

കൊച്ചി നഗരസഭയും കലക്ടറേറ്റും പ്ലാസ്റ്റി

# മാലിന്യമില്ലാ

പതിനായിരക്കണക്കിനു തീർഥാട
മലയാറ്റൂർ തിരുനാളിന് ഇക്കുറി പ്ല
വധി കുറയ്ക്കും. മല കയറാനെത്ത
രക്കണക്കിനു തീർഥാടകർക്ക് ഓ
നേർച്ചഭക്ഷണം വിതരണം ചെയ്
ലാസ് പ്ലേറ്റുകളിലായിരുന്നു. ഓരോ
ലത്തിനു ശേഷവും ലക്ഷക്കണക്കിന
റ്റുകളാണ് ഇവിടെ ഉപേക്ഷിക്കുന്നത
യെണ്ണം കത്തിച്ചുകളയും. ബാക്കി മ
മായി കിടക്കും. കഴിഞ്ഞ തീർഥാടന
ണു മാറ്റത്തിനു ശ്രമം നടന്നത്. ഭക്
ത്തിനു 500 പ്ലേറ്റുകൾ വാടകയ്ക്കെ
ഭക്ഷണ വിതരണത്തിനാവശ്യമായ
കളും പള്ളിയുടെ നേതൃത്വത്തിൽ വ
യ്സിൽ 20 കുപ്പി വീതം 2000 കെയ്
മാണു മലയാറ്റൂരിൽ ഒരു ദിവസം (



കഴിഞ്ഞവർഷം മലയാറ്റൂർ കുരിശ
വെള്ളവും ഭക്ഷണവും വിതരണം


കുടിവെള്ളം
Don't Dump
Use Bins
WESTERN UNION
MONEY TRANSFER






MARIYA

# National Games



## Green protocol


National Games
Despise the disposables
Adore the recyclables
Jai Hind!





GAZAL CATERERS
WELCOMES
TES, PARTICIPANTS & OFFICIALS
National Games kerala-2015
INING HALL
SMOKING
Coca-Cola
Enjoy!


Amul


13 02 2014

# The green water supply chain:








ഗ്രീൻ
പ്രോട്ടോക്കോൾ കമ്മിറ്റി

# ഉത്സവങ്ങളിൽ


ചവറ മേജർ
ശ്രീ കൊറ്റൻകുളങ്ങര
ദേവീക്ഷേത്രം
ഉത്സവാശംസകൾ....
ഗ്രീൻപ്രോട്ടോക്കോളിൽ
ഫ്ളക്സ് ബോർഡുകൾ,
പ്ലാസ്റ്റിക്, പേപ്പർ കപ്പുകൾ,
പാത്രങ്ങൾ, പ്ലാസ്റ്റിക് അലങ്കാരങ്ങൾ
ഒഴിവാക്കുക.
ഭക്ഷണം, കുടിവെള്ളം
എന്നിവ കഴുകി ഉപയോഗിക്കാവുന്ന
സ്റ്റീൽ, ഗ്ലാസ്, കളിമൺ പാത്രങ്ങളിൽ
വിതരണം ചെയ്യുക.
ആരോഗ്യത്തിന് വൻഭീഷണിയായ
പ്ലാസ്റ്റിക്, കരിയില ഉൾപ്പെടെയുള്ള
ഒരു മാലിന്യവും കത്തിക്കരുത്
മാലിന്യം വലിച്ചെറിയരുത്...
മാലിന്യങ്ങൾ
തരംതിരിച്ച് സംസ്ക്കരിക്കുക
ജില്ലാ ശുചിത്വമിഷൻ, കൊല്ലം


ജില്ലാ ഭരണകൂടം
ജില്ലാ ശുചിത്വ മിഷൻ, കൊല്ലം
ഭക്ഷണം, കുടിവെള്ളം
കഴുകി ഉപയോഗിക്കാവുന്ന
പാത്രങ്ങളിൽ നൽകുക.
ഹരിത നിയമാവലി കാലഘട്ടത്തിന്റെ അനിവാര്യത...



കൊല്ലം
Kollam
ആലപ്പുഴ
Alappuzha
ജില്ലാ ഭരണകൂടം
ജില്ലാ ശുചിത്വ മിഷൻ, കൊല്ലം
പ്ലാസ്റ്റിക് കുപ്പിവെള്ളം വേണ്ട
പ്ലാസ്റ്റിക് സാമഗ്രികൾ, ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ
ഡിസ്പോസിബിൾസ് എന്നിവ ഒഴിവാക്കുക .
ഭക്ഷണം, കുടിവെള്ളം എന്നിവ കഴുകി വീണ്ടും ഉപയോഗിക്കാവുന്ന
സ്റ്റീൽ, ഗ്ലാസ്, കളിമൺ പാത്രങ്ങളിൽ വിതരണം ചെയ്യുക.
മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുക.
ഹരിത നിയമാവലി കാലഘട്ടത്തിന്റെ അനിവാര്യത....

# വിവാഹങ്ങളിൽ











# IEC & Capacity Building







MINI




ഹരിതകേരളം








ശുചിത്വ മിഷൻ
തിരുവനന്തപുരം


& Trade E
Pure Ball Grapes
Orders & Trade Enquiry Ph: 9895774660, 70










KERALA STATE BAMBOO CORPORATION
Preserves Nature & Tradition




ഘണ്ടാകർണൻ തെയ്യം


ഹരിതകേരളം
മാലിന്യമുക്ത കണ്ണൂർ
പ്ലാസ്റ്റിക്ക് ഭൂമിയുടെ നിലനില്പിന് ഭീഷണി...
പ്ലാസ്റ്റിക്ക് ബാഗ്
ഉപേക്ഷിക്കൂ
തുണി സഞ്ചി
ഉപയോഗിക്കൂ
ഓറഞ്ച്
ഹൈപ്പർ മാർക്കറ്റ്
ഗ്രീൻ
പ്രോട്ടോകോൾ കമ്മിറ്റി


ATARAO'S
2462218




ക്ലീൻ ഓഫീസ്
അവാർഡ്.2015
GOLDEN CROW
ശുചിത്വ മിഷൻ
കണ്ണൂർ


COUNTER No.1
G.55
TRIPRANGOTOOR
G.P
COUNTER No.2
COUNTER No.3
GREEN PROTOCOL
Don't Throw
Don't Dump
Use Bins
AVOID DISPOSABLE
AVOID PLASTIC/FLEX
AVOID PACKAGED ITEMS
DISPOSABLE WATER BOTTLE
PACKAGED FOOD
keep Responsibility..
USE ME
Paper Waste
USE ME
Plastic Waste



പ്രകൃതിസൗഹൃദ
സാധനങ്ങൾ
ഉപയോഗിക്കുക
പ്ലാസ്റ്റിക് ബേഗുകൾ
കവറുകൾ
ഡിസ്പോസിബിൾ
സാധനങ്ങൾ മുതലായവ
ഒഴിവാക്കുക
മാലിന്യം തരംതിരിച്ച് സംസ്കരിക്കുക
ഹരിത
പെരുമാറ്റച്ചട്ടം
പാലിക്കുക

# ഓണാഘോഷം 2017

# ഗ്രീൻ പ്രോട്ടോകോൾ






GREEN VILLAGE - GREEN PROTOCOL CONTROL ROOM
Green Village
kerala
God's Own Country

2017 • സെപ്റ്റംബർ 21 • വ്യാഴാഴ്ച
www.mathrubhumi.com
മാതൃഭൂമി

# അടിമാലിയെ അടിച്ചുവാരി സഹജന്റെ ശുചിത്വയത്നം

**അടിമാലി:** മാലിന്യസംസ്കരണം കാണണമെങ്കിൽ അടിമാലിയിലേക്ക് വരൂ. നാടും നഗരവും എങ്ങനെ വൃത്തിയായി സൂക്ഷിക്കാമെന്ന് ഇവിടത്തെ പഞ്ചായത്ത് സെക്രട്ടറിയും സഹപ്രവർത്തകരും പഠിപ്പിച്ചുതരും.

നിത്യേന അഞ്ച് മുതൽ പത്തു ടൺ വരെ മാലിന്യം കുമിഞ്ഞുകൂടിയിരുന്ന പഞ്ചായത്താണ് ഇടുക്കി ജില്ലയിലെ അടിമാലി. എന്നാൽ ഇപ്പോൾ ആഴ്ചയിലൊരിക്കൽ അടിച്ചുവാരിയാൽ കിട്ടുന്നത് തുച്ഛമായ പ്ലാസ്റ്റിക്കും പേപ്പറും മാത്രം.

സംസ്ഥാനത്തിനുതന്നെ മാതൃകയാകുന്ന യത്നത്തിനു നേതൃത്വം നൽകുന്നത് പഞ്ചായത്ത് സെക്രട്ടറി കെ.എൻ.സഹജൻ.

ഉറവിടമാലിന്യസംസ്കരണവും പ്ലാസ്റ്റിക് കാരിബാഗുകളുടെ നിരോധനവും സമഗ്ര ശുചിത്വസംവിധാനവും ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നു.

ജനങ്ങളെയും സംഘടനകളെയും രാഷ്ട്രീയപാർട്ടികളെയും വിശ്വാസത്തിലെടുത്തും അവരുമായി കൂടിയാലോചനകൾ നടത്തിയുമാണ് പദ്ധതി നടപ്പാക്കുന്നത്.



സെക്രട്ടറി
കെ.എൻ.സഹജൻ

## എന്തെല്ലാം ചെയ്തു

* 'ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ' പദ്ധതിയുടെ അടുത്ത ഘട്ടമായ ഗ്രീൻ പ്രോട്ടോക്കോളും എയ്റോബിക് കമ്പോസ്റ്റും പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റും തുടങ്ങിക്കഴിഞ്ഞു. ഇതിനായി ശുചിത്വപ്രതിജ്ഞ കലൻഡർ തയ്യാറാക്കി വീടുകളിലുമെത്തിച്ചു.

* 1070 കുടുംബങ്ങളിൽ രണ്ടുവീതം റിങ് കമ്പോസ്റ്റുകളും 105 കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റും നൽകി.

* നിലവിൽ 100 ചതുരശ്രമീറ്റർ കഴിഞ്ഞ വീടുകളിൽ ഖര, ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മതിയായ സംവിധാനം നിർബന്ധമാക്കി. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഇവ വേണം.

* മഴവെള്ളസംഭരണിയോ കിണർ റീച്ചാർജിങ്ങോ (ഏതെങ്കിലും ഒന്ന്) ഖര, ദ്രവ മാലിന്യസംസ്കരണ സംവിധാനങ്ങളോ ഏർപ്പെടുത്തിയാൽ മാത്രം കെട്ടിട നമ്പർ.

* മാലിന്യം പൊതുസ്ഥലത്ത് നിക്ഷേപിച്ചവരെ കണ്ടെത്തി മുഖം നോക്കാതെ പിഴ ചുമത്തി. ഇതുവരെ പിഴയിനത്തിൽ മാത്രം ഈടാക്കിയത് ഒരു ലക്ഷത്തോളം രൂപ.

* കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം വിശദമായ വിജ്ഞാപനങ്ങളും പുറപ്പെടുവിച്ചു. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ നിരോധിച്ചു. 50 മൈക്രോണിൽ കൂടുതലുള്ളവ വിൽക്കുന്നവരിൽനിന്ന് പ്രതിമാസം 4000 രൂപ ഫീസ്. വിജ്ഞാപനം ലംഘിക്കുന്നവർക്ക് 5000 രൂപ പിഴ.

* മാലിന്യനിക്ഷേപം അറിയിക്കുന്നവർക്ക് 5000 രൂപവീതം പാരിതോഷികം.

നിരോധിത ബാഗുകളിൽ സാധനങ്ങളുമായി പോയവരിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് കച്ചവടക്കാരെ നടപടികൾക്ക് വിധേയരാക്കി.

* ഗ്രീൻ അടിമാലി ക്ലീൻ ദേവിയാർ, ഹരിതകേരളം എന്നീ വാട്സ് ആപ് ഗ്രൂപ്പ് രൂപവത്കരിച്ചു. പഞ്ചായത്തിന്റെ രണ്ട് ദേശീയപാതയോരവും പ്ലാസ്റ്റിക്, മാലിന്യരഹിത പാതയായി പ്രഖ്യാപിച്ച് ബോർഡ് സ്ഥാപിച്ചു.

* കൃഷിയിടത്തിൽ വെള്ളം കയറുന്ന ദേവിയാർ പുഴ ചെളി കോരി മാലിന്യമുക്തമാക്കി. മാലിന്യസംസ്കരണ ശുചിത്വസന്ദേശങ്ങൾ ടൗണിലെ പ്രധാന മതിലുകളിൽ എഴുതി. മികച്ചയിനം തുണിബാഗുകൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് നൽകി.

സമ്പൂർണ മാലിന്യരഹിത ലക്ഷ്യം നേടുന്നതിനും നഷ്ടപ്പെടുന്ന പ്രകൃതിവിഭവങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള തീവ്രപരിശ്രമത്തിന് നേതൃത്വം നൽകുന്ന പഞ്ചായത്ത് സെക്രട്ടറി കെ.എൻ.സഹജനൊപ്പം ജീവനക്കാരും 21 ജനപ്രതിനിധികളുമുണ്ട്.

ഹരിതാഭമായ മനസ്സിന് മാത്രമേ
ഹരിത കേരളം സൃഷ്ടിക്കുവാൻ
സാധിക്കുകയുള്ളൂ

# നന്ദി